TB Movie Panel Special

# 'കഹോ നാ പ്യാർ ഹേ'യുടെ 20 വർഷങ്ങൾ

Written By : Aarjith Pradeep

അന്നോളം ഞാൻ ആരാധിച്ച താരങ്ങളൊക്കെയും ഞാൻ ജനിക്കുന്നതിനു മുൻപോ ഞാൻ സിനിമ കാണുന്നതിന് മുൻപോ ഒക്കെ തന്നെ താരങ്ങളായവർ ആയിരുന്നു.പലരിലൂടെയും ആ താരാധന എന്നിലേക്കും ഒഴുകി എത്തിയതായിരുന്നു എന്നതാണ് സത്യം. എന്നാൽ ഞാൻ എന്ന അഞ്ചാം ക്ലാസുകാരന്റ കൺമുന്നിൽ, ഇന്ത്യയിലെ മുഴുവൻ സിനിമസ്വാദകരുടെയും കൺമുന്നിൽ ഒറ്റ സിനിമ കൊണ്ട്, ഒറ്റ രാത്രി കൊണ്ട് പിറന്നുവീണ ഒരു സൂപ്പർതാരമുണ്ട് അതാണ് 'ഹൃത്വിക് റോഷൻ'. കഹോ നാ പ്യാർ ഹേ എന്ന ഒറ്റ സിനിമയിലൂടെ അദ്ദേഹം ഇന്ത്യ മുഴുവൻ സൃഷ്ടിച്ച തരംഗം അന്നും ഇന്നും അത്ഭുതത്തോടെ മാത്രമേ ഓർക്കാൻ കഴിയുകയുള്ളു.അന്ന് നാട്ടിലെ ചേട്ടന്മാർ ഒക്കെ ജിമ്മിൽ പോകാൻ തുടങ്ങിയതും, സ്കൂൾ കുട്ടി ആയതിനാൽ കൂടെ പോകാൻ കഴിയാതെ ഭാവി ഹൃതിക് റോഷൻ ആവനുള്ള അവസരം നഷ്ടപ്പെട്ടതിനെ പറ്റി സങ്കടപ്പെട്ടതുമൊക്കെ രസകരമായ ഓർമകളായി മനസ്സിലുണ്ട്.

2000 ജനുവരി 14 നു പുറത്തിറങ്ങിയ കഹോ നാ പ്യാർ ഹേ ഇന്ത്യ മുഴുവൻ ട്രെൻഡിംഗ് ആയി മാറുകയാണ് ഉണ്ടായത്. രാകേഷ് റോഷന്റെ സംവിധാനവും രാജേഷ് റോഷന്റെ സംഗീതവും ഫരാഖാന്റെ നൃത്തചുവടുകളും സിനിമയെ വേറേ ലെവലിൽ എത്തിച്ചു എന്ന് തന്നെ പറയാം.ആദ്യ സിനിമയായിട്ടും ഹൃതിക് അമീഷ ജോഡികളുടെ സ്ക്രീൻ പ്രെസ്സെൻസ് അപരമായിരുന്നു എന്ന് എടുത്തു പറയേണ്ടത് തന്നെയാണ്. നമ്മുടെ കൊച്ചു കേരളത്തിൽ പോലും ഈ സിനിമ 100 ൽ അധികം ദിവസങ്ങൾ വിജയകരമായി പ്രദർശനം നടത്തി.

അനാഥരായ രോഹിത്തും കുഞ്ഞുസഹോദരൻ അമിത്തും തങ്ങളുടെ അമ്മാവന്റെയും അമ്മായിയുടെയും കൂടിയാണ് താമസിച്ചിരുന്നത്. കാർ ഷോറൂമിലെ salesman ജോലിയും തന്റെ പാഷനായ സംഗീതവും ഒരുമിച്ചു കൊണ്ടു പോകാൻ രോഹിത് ശ്രമിച്ചു. ഒരു കാറിന്റെ ഡെലിവറിക്ക് ഇടയിൽ saxena എന്ന കോടീശ്വരന്റെ മകളായ സോണിയയെ രോഹിത് പരിചയപ്പെടുന്നു. അത് പിന്നീട് പ്രണയമായി വളരുന്നു. ഇതിനിടക്ക് ദുരൂഹമായ ഒരു ബൈക്ക് അപകടത്തിൽപെട്ട് രോഹിത് കൊല്ലപ്പെടുന്നു.അതിന്റ ആഘാതത്തിൽ മാനസികമായി തളർന്നു പോയ തന്റെ മകളെ വീണ്ടും ജീവതത്തിലേക്ക് കൊണ്ടു വരാൻ saxena അവളെ ന്യൂസിലാൻഡിലേക്ക് അയക്കുന്നു. അവിടെ വെച്ച് രോഹിത്തിനോട് രൂപസാദൃശ്യമുള്ള രാജിനെ സോണിയ കണ്ടു മുട്ടുന്നു.. കഥ വീണ്ടും വഴിതിരിവിലേക്ക് എത്തുമ്പോൾ യഥാർത്ഥ വില്ലന്മാർ ആരുടേയും കണ്ണിൽ പെടാതെ മറഞ്ഞിരിപ്പുണ്ടായിരുന്നു. പ്രണയവും

വിരഹവും മാത്രമല്ല രോഹിത്തിന്റെയും അനിയൻ അമിത്തിന്റെയും സാഹോദര്യവും ഈ സിനിമയിൽ നമുക്ക് അനുഭൂതി ഉണ്ടാക്കുന്ന ഒന്നാണ്.

ത്രസിപ്പിക്കുന്ന ഗാനങ്ങൾ

ഒരു സാധാരണ കഥയെ അസാധാരണ സിനിമയാക്കി മാറ്റിയതിൽ ഇതിലെ ഗാനങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. വരികൾ, സംഗീതം, ചിത്രീകരണം, നൃത്തചുവടുകൾ എന്നിങ്ങനെ എല്ലാം കൊണ്ടും മികച്ചവയായിരുന്നു ഓരോ ഗാനങ്ങളും. തന്റെ സഹോദരന്റെ മകന്റെ സിനിമയിലേക്കുള്ള വരവ് സംഗീതം കൊണ്ട് ആഘോഷമാക്കുവാൻ രാജേഷ് റോഷന് നന്നായി കഴിഞ്ഞിട്ടുണ്ട്.

1. Chand Sitaare
2. Kaho naa pyaar hai
3. Ek pal ka jeena
4. Na tum jano na hum
5.Janeman janeman
6.Dil ne dil ko pukara

ഉദിത് നാരായണൻ, അൽക്ക യാഗ്നിക്, ആശ ഭോസ്‌ലെ, കുമാർ സാനു, ബാബുൽ സുപ്രിയോ എന്നിങ്ങനെ പിന്നണി ഗാന രംഗത്തെ മികച്ച ഗായകരെല്ലാം ഈ സിനിമയുടെ ഭാഗമായി. എന്നാൽ Indipop ആൽബങ്ങളിലൂടെ ഇന്ത്യ മുഴുവൻ താരമായി വളർന്നു കൊണ്ടിരുന്ന Lucky Ali യുടെ ആദ്യ സിനിമ എന്ന പ്രത്യേകതയും KNPH ക്ക് ഉണ്ടായിരുന്നു. അദ്ദേഹം ഇതിൽ ആലപിച്ച എക് പൽ കാ ജീന എന്ന ഗാനം സത്യത്തിൽ അദ്ദേഹത്തിന്റെ തന്നെ ആൽബമായ AKS ലെ പ്യാർ കി ദുനിയാ എന്ന ഗാനത്തിന്റെ മറ്റൊരു പതിപ്പ് മാത്രമായിരുന്നു.

സന്തോഷവും പ്രണയവും ആഘോഷവും നിറം പകർത്തിയ ആ മനോഹരഗാനങ്ങൾക്ക് 20 വർഷങ്ങൾക്ക് അപ്പുറവും യുവത്വം തന്നെയാണ്..

ചില കൗതുകങ്ങൾ കൂടി..

1)തന്റെ മകൻ നായകനായ സിനിമയിലേക്ക് നായികയായി രാകേഷ് റോഷൻ ആദ്യം പരിഗണിച്ചത് തന്റെ ക്ലാസ്സ്മേറ്റും കുടുംബ സുഹൃത്തുമായ അമിത് പട്ടേലിന്റെ മകൾ അമീഷയെ ആയിരുന്നു.ഉപരി പഠനത്തിന് വിദേശത്തു പോകാൻ ഒരുങ്ങിയ അമിഷയിൽ നിന്ന് അദ്ദേഹം പ്രതീക്ഷിച്ചത് പോലെ No തന്നെയാണ് കിട്ടിയത്. തുടർന്ന് കപൂർ കുടുംബത്തിലെ പുതിയ തലമുറയിൽ പെട്ട കരീന കപൂറിനെ ഈ സിനിമയിൽ അവതരിപ്പിക്കാൻ തീരുമാനിക്കപ്പെട്ടു. ഏതാനും രംഗങ്ങളുടെ ചിത്രീകരണം കൂടി കഴിഞ്ഞപ്പോൾ ആണ് കരീനയുടെ

അമ്മയും പഴയകാല നായികയുമായ ബബിതയും രാകേഷ് റോഷനുമായി ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നതും സിനിമയിൽ നിന്ന് പിന്മാറുന്നതും. അമിതാഭ് ബച്ചന്റെ മകന്റെ ആദ്യ സിനിമയായ refugee യുടെ ഓഫർ കയ്യിൽ ഉണ്ടായിരുന്നതിനാൽ കരീനക്കും ആ പിന്മാറൽ ഒരു നഷ്ടമായി തോന്നിയില്ല എന്നതാണ് സത്യം.തുടർന്ന് ഒരിക്കൽ കൂടി റോഷൻ നേരിട്ട് ചെന്ന് അമീഷ പട്ടേലിനെ സിനിമയിലേക്ക് ക്ഷണിച്ചു. ഈ തവണ അമീഷ പട്ടേൽ ആ ഓഫർ സ്വീകരിക്കാൻ തയാറായി.

2)Film&Television Institute of India യുടെ president ഉം പ്രശസ്ത സംവിധായകനുമായ ശേഖർ കപൂർ ഹൃതിക് റോഷനേയും പ്രീതി സിൻട്രയേയും വെച്ച് Tara Rum Pum Pum എന്നൊരു പടം പ്രഖ്യാപിച്ചുവെങ്കിലും Elizabeth (Period Drama)എന്ന UK Film ന്റെ തിരക്കിൽ അത് നടക്കാതെ പോയി. പിന്നീട് ആണ് KNPH ഹൃതിക് റോഷനിലേക്ക് എത്തുന്നത്.

3)തന്റെ പിതാവായ രാകേഷ് റോഷന്റെ സഹസംവിധായകനായി Khudayaz(1987), King Uncle (1993), Karan Arjun(1993), Koyla(1997) എന്നിവയിൽ പ്രവർത്തിച്ച ശേഷമാണ് നായകൻ എന്ന റോളിൽ അവതരിപ്പിക്കപ്പെടാൻ ഹൃതിക്കിന് അവസരം ലഭിച്ചത്.

4)അമീഷ പട്ടേലിനു ഈ സിനിമയിൽ ശബ്ദം നൽകിയിരിക്കുന്നത് പ്രമുഖ ഡബ്ബിങ് ആർടിസ്റ്റ് ആയ Mona Ghosh Shetty ആണ്. കജോൾ, കത്രീന കൈഫ്, ബൈപാഷ ബസു, ദീപിക പദുക്കൊൺ, പ്രീതി സിൻട്ര, ശ്രദ്ധ കപൂർ, അനുഷ്ക ശർമ, അലിയാ ഭട്ട് തുടങ്ങി ഒട്ടനവധി പേർക്ക് ശബ്ദം നൽകിയട്ടുള്ള ഡബ്ബിങ് സൂപ്പർ സ്റ്റാർ ആണ് mona ghosh. നിങ്ങൾ ഏതെങ്കിലും ഹോളിവുഡ് ഹിന്ദി ഡബ്ബിങ് സിനിമ കണ്ടിട്ടുണ്ടെങ്കിൽ അതിലെ നായിക കഥാപാത്രത്തിന്റെ ശബ്ദം മിക്കവാറും മോനയുടെ തന്നെ ആയിരിക്കും.

5)ഹൃതിക് റോഷന് വലത് കയ്യിൽ 6 വിരലുകൾ ഉള്ളത് മിക്കവർക്കും ഇന്ന് അറിവുള്ള കാര്യമാണ്. എന്നാൽ സിനിമയിൽ അതു തിരിച്ചറിയാനുള്ള അവസരങ്ങൾ പരമാവധി കുറക്കാൻ ഹാൻഡ് ഗ്ലൗസ് ഇടുകയും ഇടം കയ്യനായി അഭിനയിക്കുകയും ആണ് ചെയ്തിരിക്കുന്നത്.

6)Karan Arjun എന്ന സിനിമയിൽ സഹ സംവിധായകൻ ആയിരുന്ന സമയം മുതൽ സൽമാൻഖാനുമായി നല്ലൊരു സൗഹൃദം ഹൃതിക്കിന് ഉണ്ടായിരുന്നു. അതിനാൽ KNPH യ്ക്ക് വേണ്ടി Body Building നടത്തിയത് സൽമാൻ ഖാന്റെ ശിഷ്യത്തിലായിരുന്നു. അദ്ദേഹത്തിന്റെ പേർസണൽ ജിം ഇതിനായി ഹൃതിക്കിന് ഉപയോഗിക്കാൻ നൽകുകയും ചെയ്തു.

7)ന്യൂസിലാൻഡിൽ രാജിന്റ അമ്മയുടെ റോളിൽ അഭിനയിച്ചിരിക്കുന്നത് അമിഷ പട്ടേലിന്റെ അമ്മയാണ്.

8)സംഗീത രംഗത്തെ എല്ലാ filmfare അവാർഡും നേടിയ ചരിത്രത്തിലെ രണ്ടാമത്തെ ചിത്രമായിരുന്നു KNPH. AR Rahman ന്റെ Dilse ആയിരുന്നു ആദ്യ ചിത്രം.

9)കഹോ നാ പ്യാർ ഹേ എന്ന സിനിമക്ക് ശേഷം ന്യൂസിലാൻഡിലേക്കുള്ള ഇന്ത്യൻ യാത്രികരുടെ എണ്ണതിൽ അത്ഭുതകരമായ വർധനവാണ് ഉണ്ടായത്. ന്യൂസിലാൻഡിന്റെ ടൂറിസം മേഖലയെ തന്നെ ഇത് നന്നായി വളർത്തി.

10)കഹോ നാ പ്യാർ ഹേയിലെ Dil ne pukara എന്ന ഗാനം Vanglis ന്റെ VOICES(1995) എന്ന ഗാനത്തിൽ നിന്ന് 'inspire' ആയാണ് രൂപപ്പെടുത്തിയത്.

11)പുതുമുഖ നടനും മികച്ച നടനുമുള്ള FILM FARE അവാർഡ് ഒരുമിച്ച് നേടിയ ഒരേ ഒരു വ്യക്തി ഇന്നും ഹൃതിക് മാത്രമാണ്.

12)ബാഹുബലി ഇറങ്ങിയതോടെ ആറായിരത്തോളം വിവാഹഭ്യർത്ഥനകൾ പ്രഭാസിനു ലഭിച്ചതായി ഈ അടുത്ത കാലത്ത് കേട്ടിരുന്നു.എന്നാൽ അതിനും വർഷങ്ങൾക്ക് മുൻപ് കഹോ നാ പ്യാർ ഹേ എന്ന സിനിമ ഇറങ്ങിയപ്പോൾ ഹൃതിക് റോഷന് മുപ്പത്തനായിരത്തോളം വിവാഹഭ്യർത്ഥനകൾ ലഭിച്ചു എന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്.

13)ഏറ്റവുമധികം അവാർഡുകൾ നേടിയ ബോളിവുഡ് സിനിമ (92) എന്ന ഒരു LIMCA BOOK OF RECORD കൂടി കഹോന പ്യാർ ഹേക്ക് സ്വന്തമായി ഉണ്ട്.

14)ദാവൂദ് ഇബ്രാഹിമിന്റെ D-കമ്പനിയിൽ നിന്ന് വേർ പിരിഞ്ഞുണ്ടായ underworld ഗാങ് ആയിരുന്നു ബുദേശ് ഗാങ്. KNPH യുടെ വിദേശ വരുമാനത്തിന്റെ ഒരു ഭാഗം ഹഫ്തയായി ആവശ്യപ്പെട്ട് അവർ രാകേഷ് റോഷനെ സമീപിച്ചു. അത് നിരസിച്ച അദ്ദേഹത്തിന് നേരെ 2000 JAN 21 നു സാന്തക്രൂസ് വെസ്റ്റിൽ വെച്ച് ഒരു വെടി വെപ്പുണ്ടായി. ഇടതു കയ്യിലും നെഞ്ചിലും വെടിയേറ്റ അദ്ദേഹം കുറേ നാൾ സിനിമയിൽ നിന്ന് വിട്ടു നിന്നു.

15)കന്നഡ സിനിമയിലെ മെഗാ സ്റ്റാറായി ഇന്നറിയപ്പെടുന്ന ശിവരാജ് കുമാറിന്റെ രണ്ടാമത്തെ ചിത്രമായിരുന്നു 1986 ൽ പുറത്തിറങ്ങിയ 'Ratha Sapthami'. ഗിറ്റാറിസ്റ്റായ നായകന്റെ മരണം ഏല്പിച്ച ആഘാതത്തിൽ നിന്ന് കരകയറാൻ മറ്റൊരു നാട്ടിൽ എത്തിയ നായിക, അവിടെ നായകന്റെ അതേ രൂപ സാമ്യമുള്ള ഒരു Disco ഡാൻസിറിനെ കണ്ടു മുട്ടുന്നു.കന്നഡയിലെ വൻ വിജയ ചിത്രമായിരുന്നു ഇത്.
ഇതിന്റെ രചീതാക്കളിൽ ഒരാളായ പി വാസു ഇതേ കഥയെ തമിഴിൽ Love Birds(1996) എന്ന പേരിൽ അവതരിപ്പിച്ചു. ഇതിനോട് അല്പം സാമ്യമുള്ള ഒരു കഥ മലയാളത്തിലും ഉണ്ട്. മോഹൻലാൽ രേവതി ശോഭന എന്നിവർ

അഭിനയിച്ച മായ മയൂരം (1993). കഥയിലെ ചില സാമ്യങ്ങൾ ഒഴിച്ചാൽ ഈ സിനിമകൾക്കെല്ലാം അതിന്റെതായ വ്യക്തിത്വങ്ങൾ കാണാനാവുന്നതാണ്...